**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2544 **06.02.2018** - ലെ മറുപടിക്ക്

## ഐ.ടി.ഐകളിൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി.ഐ.യും വ്യവസായ പരിശീലന വകുപ്പിന്റെ ഐ.ടി.ഐ.കളും ഒരേ പോലെ ആണ് പ്രവർത്തിക്കുന്നതെങ്കിലും സ്റ്റാഫ് പാറ്റേൺ വ്യത്യസ്തമായതിനാൽ, വ്യവസായ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിലെ എല്ലാ തസ്തികകളും പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളിലും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | പട്ടികജാതി വികസന വകുപ്പിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.കളിൽ മിക്കവാറും ഐ.ടി.ഐകളിലും രണ്ടോ മൂന്നോ ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. അതിനാൽ വ്യവസായ പരിശീലന വകുപ്പിലെ ഐ.ടി.ഐ-കളുടേതിന് സമാനരീതിയിൽ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല.<br>വ്യവസായ വകുപ്പിലേതിന് സമാനമായ രീതിയിൽ കൂടുതൽ ട്രേഡുകൾ ഐ.ടി.ഐ കളിൽ ആരംഭിക്കുന്നതനുസരിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ